# ബന്ദിപ്രശ്നത്തിന്റെ മറുപുറം

**ആഴ്ചകൾ** പിന്നിട്ടിട്ടും കൊറിയൻ ബന്ദി പ്രശ്നത്തിൽ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിനോ അഫ്ഗാൻ പ്രസിഡന്റ് ഹാമിദ് കർസായിക്കോ കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ജൂലൈ 19-നാണ് ദക്ഷിണ കൊറിയയിൽനിന്നുള്ള 23 'ദുരിതാശ്വാസ പ്രവർത്തകരെ' കാബൂളിനും ഖന്ദഹാറിനുമിടക്കുള്ള ഹൈവേയിൽ വെച്ച് താലിബാൻ പോരാളികൾ പിടികൂടിയത്. ഇവരിൽ പതിനാറ് പേരും സ്ത്രീകളാണ്. തങ്ങളുടെ 21 തടവുകാരെ വിട്ടയക്കണമെന്നാണ് താലിബാന്റെ ആവശ്യം. അല്ലെങ്കിൽ തടവുകാരെ വധിക്കുമെന്നും അവർ ഭീഷണിപ്പെടുത്തുന്നു. ഇതിനകം രണ്ട് കൊറിയൻ തടവുകാരെ താലിബാൻ വധിക്കുകയും ചെയ്തിട്ടുണ്ട്.

പിടിയിലായവർ സാദാ ദുരിതാശ്വാസ പ്രവർത്തകരല്ല, ദക്ഷിണ കൊറിയയിലെ ഒരു ക്രിസ്ത്യൻ മിഷനറി സംഘത്തിലെ അംഗങ്ങളാണ്. ദുരിതബാധിത പ്രദേശങ്ങളിലെ മിഷനറി പ്രവർത്തനമാവാം താലിബാനെ പ്രകോപിപ്പിച്ചിട്ടുണ്ടാവുക. കൊറിയയിൽനിന്നുള്ള വേറെയും മിഷനറി സംഘങ്ങൾ അഫ്ഗാനിലുണ്ട്. ജീവന് ഭീഷണിയുള്ളതിനാൽ അവരെ കൊറിയയിലേക്ക് തിരിച്ചുവിളിച്ചിരിക്കുകയാണ്. അമേരിക്ക കഴിഞ്ഞാൽ ഇവാഞ്ചലിസ്റ്റ് മിഷനറി പ്രവർത്തനത്തിന്റെ രണ്ടാമത്തെ കേന്ദ്രമാണ് ഇന്ന് ദക്ഷിണ കൊറിയ. ഔദ്യോഗിക കണക്കുപ്രകാരം തന്നെ 17,000 കൊറിയൻ മിഷനറികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. യഥാർഥ എണ്ണം ഇതിനേക്കാൾ കൂടുതലാണ്.

യുദ്ധം ശിഥിലമാക്കിയ അഫ്ഗാനിസ്താൻ, ഇറാഖ്, സോമാലിയ തുടങ്ങിയ മുസ്‌ലിം രാജ്യങ്ങളെയാണ് ഇവർ മുഖ്യമായും ഉന്നം വെക്കുന്നത്. ഏതാനും വർഷം മുമ്പ് *ന്യൂയോർക്ക് ടൈംസ്* പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ അറബ് നാടുകളിലെ മുസ്‌ലിംകളെ മതപരിവർത്തനം ചെയ്യിക്കുന്നതിൽ ദക്ഷിണ കൊറിയൻ മിഷനറികളാണ് മുൻപന്തിയിലെന്ന് വെളിപ്പെടുത്തിയിരുന്നു. ഇത്തരം സംഘങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കല്ല, മതപരിവർത്തനത്തിനാണ് മുൻഗണന നൽകുന്നതെന്ന് ചില കൊറിയൻ ചർച്ച് മേധാവികൾതന്നെ ആരോപിച്ചിട്ടുണ്ട്. 2030 ആവുമ്പോഴേക്ക് തങ്ങളുടെ ഒരു ലക്ഷം മിഷനറി പ്രവർത്തകരെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാവുമെന്ന് ദക്ഷിണ കൊറിയയിലെ 'അസോസിയേഷൻ ഓഫ് പ്രൊട്ടസ്റ്റന്റ് ചർച്ച്സ്' ഈയിടെ പ്രസ്താവനയിറക്കിയിരുന്നു.

അതിനിടെ ദക്ഷിണ കൊറിയൻ തലസ്ഥാനമായ സോളിലെ ഇസ്‌ലാമിക് സെന്ററിന്റെ ചെയർമാൻ സുലൈമാൻ ലിഹിയാംഗ്, ബന്ദികളെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ ഒരു മുസ്‌ലിം പ്രതിനിധിസംഘത്തെ അഫ്ഗാനിലേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. സോൾ ഇസ്‌ലാമിക് സെന്ററിന്റെ മുൻ സെക്രട്ടറിയാണ് സംഘത്തലവൻ. ബന്ദികളുടെ കുടുംബാംഗങ്ങൾ ഇസ്‌ലാമിക് സെന്ററിൽ വരികയും ബന്ദിപ്രശ്നത്തിൽ ഇടപെടണമെന്ന് അഭ്യർഥിക്കുകയും ചെയ്തിരുന്നു. 2005 ജൂണിൽ മുൻ ആസ്ട്രേലിയൻ മുഫ്തി താജുദ്ദീൻ ഹിലാലി ഇടപെട്ടാണ് ഇറാഖിൽ ബന്ദിയാക്കപ്പെട്ട ഡഗ്ലസ് വുഡ് എന്ന ആസ്ട്രേലിയക്കാരനെ മോചിപ്പിച്ചത്. ഇറാഖിൽ പിടിയിലായ രണ്ട് ഫ്രഞ്ച് പത്രപ്രവർത്തകരെ മോചിപ്പിക്കുന്നതിൽ ഫ്രാൻസിലെ മുസ്‌ലിം നേതൃത്വവും മുന്നിട്ടിറങ്ങിയിരുന്നു. ഇതുപോലെ, കൊറിയൻ മുസ്‌ലിം നേതൃത്വത്തിന്റെ ഇടപെടൽ ഫലവത്താകുമെന്ന പ്രതീക്ഷയിലാണ് ബന്ദികളുടെ ബന്ധുക്കൾ. ■

## അബൂദബിയിൽ പുതിയ ഇസ്‌ലാമിക് ബാങ്ക്

**നാല്** ബില്യൻ യു.എ.ഇ ദിർഹം മൂലധനമുള്ള ഒരു ഇസ്‌ലാമിക് ബാങ്ക് അബൂദബിയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് യു.എ.ഇ പ്രസിഡന്റ് ശൈഖ് ഖലീഫ ബിൻ സായിദ് ആൽ നഹ്‌യാൻ പുറത്തിറക്കിയ ഔദ്യോഗിക കുറിപ്പിൽ പറയുന്നു. അൽ ഹിലാൽ എന്നായിരിക്കും ബാങ്കിന്റെ പേര്. ശരീഅത്ത് വിധികൾ പാലിച്ചുകൊണ്ടുള്ള സാമ്പത്തിക ക്രയവിക്രയങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കച്ചവടം, വ്യവസായം, ടൂറിസവുമായും റിയൽ എസ്റ്റേറ്റുമായും ബന്ധപ്പെട്ട പദ്ധതികൾ എന്നിവക്ക് മുഖ്യ പരിഗണന ലഭിക്കും. സ്വകാര്യ മേഖലക്കാണ് ഊന്നൽ നൽകുക.

അബൂദബി ഇൻവെസ്റ്റ്മെന്റ് കൗൺസിലിനായിരിക്കും അൽ ഹിലാൽ ഇസ്‌ലാമിക് ബാങ്കിന്റെ ഉടമസ്ഥത. ബോർഡ് ചെയർമാനായി ഈസാ മുഹമ്മദ് അൽ സുവൈദിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഏറ്റവും വലിയ ഇസ്‌ലാമിക ബാങ്കുകളിലൊന്നായിരിക്കും അൽ ഹിലാൽ. ■

# സ്കോട്ട്‌ലാന്റ് വാർത്തകളിൽ നിറയുമ്പോൾ

**വാർത്തകളിൽ** നിറഞ്ഞുനിൽക്കുകയാണ് സ്കോട്ട്‌ലാന്റ്. മിക്കതിലും വിഷയം 'ഇസ്‌ലാമിക ഭീകരത'തന്നെ. ഗ്ലാസ്ഗോ വിമാനത്താവളത്തിലെ സ്ഫോടനശ്രമമാണ് ആദ്യത്തേത്. വകതിരിവില്ലാത്ത ഒന്നു രണ്ട് ചെറുപ്പക്കാരുടെ എടുത്തുചാട്ടമായിരുന്നു സംഭവം. പക്ഷേ, മീഡിയ ശരിക്കും ആഘോഷിച്ചു. ഇസ്‌ലാമിനെ അടിക്കാൻ വീണുകിട്ടിയ വടിയാണല്ലോ. പ്രശ്നം കെട്ടടങ്ങും മുമ്പാണ് 'ജിഹാദ് മ്യൂസിക്കലി'ന്റെ വരവ്. ഒരു മ്യൂസിക് ട്രൂപ്പാണിത്. ഇവർ അവതരിപ്പിക്കുന്ന ഒരു ഗാന ആൽബത്തിന്റെ പേര് I Wanna be like Osama –എനിക്ക് ഉസാമ (ബിൻലാദിൻ)യെ പ്പോലെയാവണം– എന്നാണ്. ഒരു ഇസ്‌ലാമിക ഭീകരന്റെ കൊലവിളിയാണ് ഗാനത്തിന്റെ പ്രമേയം. അയാൾക്ക് എല്ലാം ബോംബ് വെച്ച് തകർക്കണം. ഇതിന്റെ ദൃശ്യാവിഷ്കാരം അത്യന്തം പ്രകോപനപരം. കലാഷ് നിക്കോവ് തോക്കുകളും വാളുകളുമേന്തി അഫ്ഗാനി ബുർഖയണിഞ്ഞ കുറേ കോലങ്ങൾ തലങ്ങും വിലങ്ങും പായുന്നു. മറ്റൊരു ഗാനം ഹിജാബിനെ പരിഹസിക്കുന്നതാണ് I only see your eyes (എനിക്ക് നിന്റെ കണ്ണുകളേ കാണാൻ പറ്റുന്നുള്ളൂ) എന്നാണതിന്റെ പേര്.

മ്യൂസിക് ആൽബത്തിനെതിരെ സ്കോട്ടിഷ് മുസ്‌ലിംകളുടെ ശക്തമായ പ്രതിഷേധമുയരുന്നുണ്ട്. ഇതിന് അവതരണാനുമതി നൽകുന്ന പക്ഷം അത് പാശ്ചാത്യരുടെ ഇസ്‌ലാംഭീതി ഒന്നുകൂടി വർധിപ്പിക്കുമെന്നും സാമുദായിക സൗഹാർദത്തെ തകർക്കുമെന്നും മുസ്‌ലിംനേതാക്കൾ മുന്നറിയിപ്പ് നൽകി. എഡിൻബർഗിൽ നടക്കുന്ന ഇന്റർനാഷ്നൽ ഫ്രിഞ്ച് ഫെസ്റ്റിവലിൽ ഇത് അവതരിപ്പിക്കാനായിരുന്നു 'ജിഹാദ് മ്യൂസിക്കലി'ന്റെ പരിപാടി.

ഇതേ ഫെസ്റ്റിവലിൽ അവതരിപ്പിക്കാനിരുന്ന ഒരു കോമഡി ഷോയും പല കേന്ദ്രങ്ങളിൽനിന്നും വിമർശനങ്ങൾ നേരിടുകയാണ്. ലോകസമാധാനത്തിന് യഥാർഥ ഭീഷണി ക്രിസ്ത്യൻ മതമൗലികവാദികളാണ് എന്നതത്രെ ഇതിന്റെ പ്രമേയം.

'വളരെയേറെ ശക്തിയും പിൻബലവുമുള്ള നമ്മുടെ സംസ്കാരത്തിലെ ക്രിസ്ത്യൻ വലതുപക്ഷ ഗ്രൂപ്പുകളാണ് തീവ്രവാദ ഇസ്‌ലാമിനേക്കാൾ നമുക്ക് ഭീഷണി'–കോമഡി സംവിധാനം ചെയ്ത ആസ്ട്രേലിയക്കാരനായ വാൻ ബദ്ഹം പറഞ്ഞു. 'ഈ വലതുപക്ഷ ഗ്രൂപ്പുകളെ ആരും വിമർശിക്കാറില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു കോമഡി ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചത്.'

Cash in Christ എന്നാണ് ഈ കോമഡിയുടെ പേര്. ഇവാഞ്ചലിസ്റ്റ് പ്രചാരണങ്ങളെ കളിയാക്കുന്നു ഇതിൽ. ജനങ്ങളിൽ നിന്ന് പണം ശേഖരിക്കാൻ അവർ ദൈവത്തെ കൂട്ടുപിടിക്കുന്നു. ഒരു യഥാർഥ കഥ കോമഡിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇവാഞ്ചലിസ്റ്റ് മതപ്രചാരകൻ ഓറൽ റോബർട്സ് 'കുഞ്ഞാടുക'ളോട് പറഞ്ഞു: "ഇന്ന തീയതിക്കകം നിങ്ങളെനിക്ക് എട്ട് മില്യൻ ഡോളർ സംഘടിപ്പിച്ചുതരണം. അല്ലെങ്കിൽ ദൈവം എന്നെ കൊല്ലും." കേൾവിക്കാർ റോബർട്സിന് 9.1 മില്യൻ സംഘടിപ്പിച്ചുകൊടുത്തു! ബൈബിൾ ഉദ്ധരണികൾ, ചർച്ചിലെ ചടങ്ങുകൾ, മതപ്രബോധകന്മാരുടെ ടെലിവിഷൻ പരിപാടികൾ എന്നിവ ചേർത്തുവെച്ചാണ് അമ്പതു മിനിറ്റുള്ള ഹാസ്യ പരിപാടി സംവിധാനിച്ചിരിക്കുന്നത്.

എഡിൻബർഗിൽ തന്നെയാണ് ഒരു മാസം നീളുന്ന ദ ഡിസ്കവർ ഇസ്‌ലാം എക്സിബിഷന് ആഗസ്റ്റ് ഒന്നിന് തുടക്കം കുറിച്ചിരിക്കുന്നത്. ഇസ്‌ലാം ഫെസ്റ്റിവൽ എഡിൻബർഗ് (IFE) ആണ് സംഘാടകർ. ഫ്രിഞ്ച് ഫെസ്റ്റിവലിന്റെ ഭാഗം തന്നെയാണ് ഇതും. സ്കോട്ട്‌ലന്റ് പാർലമെന്റ് അംഗങ്ങൾ എക്സിബിഷൻ കാണാനെത്തിയിരുന്നു. ■

# അധിനിവേശവിരുദ്ധ പോരാട്ടങ്ങളുടെ കലാവിഷ്കാരം

**സിറിയയിലെ** ഇസ്‌ലാമിക സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടെയും കൂട്ടായ്മയാണ് റാബിത്വതു ഉദബാഇശ്ശാം (www.odabasham.net). ഇസ്‌ലാമിക വിഷയങ്ങളിൽ പഠനാർഹമായ ലേഖനങ്ങളും അഭിമുഖങ്ങളും ഈ സംഘടനയുടെ സൈറ്റിൽ ലഭ്യമാണ്. ഇസ്‌ലാമിക മുദ്രകളുള്ള ഏറ്റവും പുതിയ അറബികവിതകളും കഥകളും നോവലുകളും സൈറ്റിൽ ചേർക്കാറുണ്ട്. മുഖ്യധാരാ സാഹിത്യത്തിൽ ഇടം ലഭിക്കാറില്ലാത്ത പ്രവണതകളെക്കുറിച്ചറിയാൻ ഇത് നല്ലൊരു അവലംബമാണ്.

റാബിത്വയുടെ പ്രവർത്തകരിൽ ഒരാളായ യഹ്‌യ ബശീർ ഹാജ്, കമ്യൂണിസ്റ്റ് ഇരുമ്പുമറ തകർന്ന മുസ്‌ലിം രാജ്യങ്ങളിൽ പിൽക്കാലത്തുണ്ടായ സാഹിത്യ മുന്നേറ്റങ്ങളെക്കുറിച്ച് ചെറിയൊരു കുറിപ്പ് എഴുതിയിട്ടുണ്ട്. കമ്യൂണിസ്റ്റ് ഭരണത്തിൽ മുസ്‌ലിം സമൂഹങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന പീഡനങ്ങളുടെ നേർചിത്രങ്ങൾ ഇത്തരം കൃതികളിൽ വായിക്കാം. ചെങ്കീസ് ഊഗ്ജിയുടെ 'ഭീകര വർഷങ്ങൾ' (അറബിയിൽ 'അസ്സനവാതു റഹീബ) അവയിലൊന്നാണ്. രണ്ടാം ലോകയുദ്ധ കാലത്ത് ഖറം ദ്വീപിലെ മുസ്‌ലിംകൾ നേരിട്ട തിക്താനുഭവങ്ങളാണ് ഈ നോവൽ വിവരിക്കുന്നത്. പുതുമയുള്ള ശൈലി. സങ്കീർണമായ മനുഷ്യമനസ്സ് വായിക്കാനുള്ള ശ്രമമാണ് നോവലിസ്റ്റ് നടത്തുന്നതെന്ന് യഹ്‌യ. അഫ്ഗാനി വനിതാ നോവലിസ്റ്റ് മറാമിന്റേതാണ് 'അഫ്ഗാനിൽനിന്നുള്ള പലായനം' എന്ന കൃതി. റഷ്യൻ അധിനിവേശക്കാലത്ത് പലായനം ചെയ്യേണ്ടിവന്ന സ്ത്രീകളുടെയും കുട്ടികളുടെയും കഥ. റംസി ഔജ്‌ലികിന്റെ 'രക്തസാക്ഷികളേ, ഞങ്ങൾ വരുന്നു' എന്ന നാടകം ബൾഗേറിയയിലെ തുർക്കി വംശജരായ മുസ്‌ലിംകളുടെ പീഡനപർവങ്ങൾ അനാവരണം ചെയ്യുന്നു. സൽജൂഖ് ഖലലിയുടെ നോവലാണ് 'ഖൗഖാസിലെ പ്രാപ്പിടിയന്മാർ'. റഷ്യൻ അധിനിവേശത്തിനെതിരെ ഇമാം ശാമിലിന്റെ നേതൃത്വത്തിൽ ദാഗിസ്താൻ നിവാസികൾ നടത്തിയ ധീരോദാത്തമായ ചെറുത്തുനിൽപാണ് പ്രമേയം.

അധിനിവേശവിരുദ്ധ പോരാട്ടങ്ങളുടെ ആവേശകരമായ ഒരു ചരിത്രസന്ധിയിലൂടെയാണല്ലോ മുസ്‌ലിം സമൂഹം കടന്നുപോകുന്നത്. ഈ പോരാട്ടങ്ങൾക്ക് കലാവിഷ്കാരം നൽകാൻ സർഗധനർ മുന്നോട്ടു വരണമെന്ന് യഹ്‌യ ബശീർ ഉണർത്തുന്നു. ■